**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4556** **10-08-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡറുകൾക്കായി കെയർ ഹോമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ട്രാൻസ്ജെൻഡറുകളുടെ സഹായാർത്ഥം എല്ലാ ജില്ലകളിലും കെയർ ഹോമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ/ ക്രൈസിസിൽ അകപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി 2019-20 സാമ്പത്തിക വർഷം മുതൽ ഹ്രസ്വ കാല താമസത്തിനായി കെയർ ഹോമുകൾ/ ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിച്ചിരുന്നു. ഇത്തരത്തിൽ ഒരു വർഷ കാലാവധി നിശ്ചയിച്ചുകൊണ്ട് സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 5 കെയർ ഹോമുകൾ ആരംഭിയ്ക്കുകയും കാലാവധി പൂർത്തിയാക്കി സി.ബി.ഒ. മുഖേന പ്രവർത്തിച്ചു വന്നിരുന്ന പ്രസ്തുത 5 ഹോമുകളും പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2020-21 സാമ്പത്തിക വർഷം എൻ.ജി.ഒ.കൾ മുഖേന 2 ട്രാൻസ്ജെൻഡർ കെയർ ഹോമുകളാണ് പ്രവർത്തിച്ചു വരുന്നത്. തിരുവനന്തപുരം ജില്ലയിൽ മാർത്തോമ നവോദയ മൂവ്മെന്റ് സൊസൈറ്റി മുഖേന ട്രാൻസ്മെൻ വിഭാഗത്തിനായും, എറണാകുളം ജില്ലയിൽ സ്നേഹ ജ്യോതി ചാരിറ്റബിൾ ട്രസ്റ്റ് മുഖേന ട്രാൻസ് വുമൺ വിഭാഗത്തിനുമായാണ് ഹോം ആരംഭിച്ചിട്ടുള്ളത്. ശസ്ത്രക്രിയ കഴിഞ്ഞ് ക്രൈസിസിൽ അകപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 3 മാസ കാലയളവിൽ താമസിക്കുന്നതിനായാണ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. ഒരേ സമയം 30 വ്യക്തികൾക്ക് ഹോമിൽ താമസിക്കാവുന്ന ഒരു ഹോമിന്റെ പ്രവർത്തനത്തിനായി ഒരു വർഷം 26 ലക്ഷം രൂപയാണ് ചെലവഴിയ്ക്കുന്നത്. എന്നാൽ ഇത്തരത്തിൽ ഹോമുകളിൽ താമസിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ എണ്ണം വളരെ കുറവായതിനാൽ എല്ലാ ജില്ലകളിലും ഹോം ആരംഭിയ്ക്കുന്ന പക്ഷം താമസക്കാർ ഇല്ലാതെ വരുകയും, ഹോം പ്രവർത്തിപ്പിക്കുന്ന വകയിൽ റെക്കറിംഗ്, നോൺ റെക്കറിംഗ് ഇനത്തിൽ |

| | | | |
|---|---|---|---|
| | | | സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുകയും ചെയ്യും. താമസക്കാരുടെ എണ്ണം കുറവായതിനാൽ നിലവിൽ എല്ലാ ജില്ലകളിലും ഹോം ആരംഭിയ്ക്കേണ്ട സാഹചര്യം ഇല്ല. ട്രാൻസ്ജെൻഡർ തിരിച്ചറിയൽ കാർഡിനായി നാളിതു വരെ 1331 അപേക്ഷകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയതിനാൽ ട്രാൻസ്ജെൻഡർ താമസക്കാരുടെ എണ്ണം കൂടുന്ന മുറയ്ക്ക് പ്രസ്തുത ജില്ലകളിൽ കെയർ ഹോം/ ഷോർട്ട് സ്റ്റേ ഹോം ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ